# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1727    04.12.2015-ൽ മറുപടിയ്ക്ക്

## ആസ്തി വികസന ഫണ്ട് വിനിയോഗം - ഉത്തരവുകൾ വൈകാതിരിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | നിയമസഭയുടെ കാലാവധി അവസാനിക്കുന്നതിന് മാസങ്ങൾ മാത്രം അവശേഷിക്കുന്നതിനാൽ മണ്ഡലങ്ങളിലെ ആസ്തി വികസന പദ്ധതിയിൽപെടുത്തി എം.എൽ.എമാർ നിർദ്ദേശിക്കുന്ന ജോലികളുടെ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി ഭരണാനുമതി എത്രയും വേഗം നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകുമോ; | (എ) | ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തികൾക്ക് ധനാനുമതി ലഭ്യമായവയ്ക്ക്, ഭരണാനുമതി നൽകി ഉത്തരവുകൾ കാലതാമസം കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചുവരുന്നുണ്ട്. |
| (ബി) | ആസ്തി വികസന പദ്ധതിയിൽപെടുത്തി എം.എൽ.എമാർ നിർദ്ദേശിക്കുന്ന ജോലികളുടെ എസ്റ്റിമേറ്റും പ്ലാനും മറ്റ് റിക്കാർഡുകളും സെക്രട്ടറിയേറ്റിലെത്തിയാൽ ഇതു സംബന്ധിച്ച ഫയൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ ഏതെല്ലാം സെക്ഷനുകളിലേയ്ക്കും സീറ്റുകളിലേയ്ക്കും എന്ന് കൈമാറ്റം ചെയ്യുവെന്നും അത് എന്നാണ് മുകളിലേയ്ക്ക് സമർപ്പിക്കപ്പെട്ടത് എന്നും താമസംവിനാ അറിയാൻ സംവിധാനം ഒരുക്കുമോ? | (ബി) | എം.എൽ.എമാർ ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിക്കുന്ന പ്രവൃത്തികളും അവയിൽ സ്വീകരിക്കുന്ന തുടർനടപടികളും സംബന്ധിച്ച വിവരങ്ങൾ യഥാസമയം ലഭ്യമാകുന്ന തരത്തിൽ ഒരു സോഫ്റ്റ് വെയർ സംവിധാനം രൂപപ്പെടുത്തി പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ